## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1260

02/05/2017 - ൽ മറുപടിക്ക്

## കുടുംബശ്രീ ശാക്തീകരണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ജെയിംസ് മാത്യു<br>ശ്രീ. എം.സ്വരാജ്<br>ശ്രീ.സി.കെ.ഹരീന്ദ്രൻ<br>ശ്രീമതി യു.പ്രതിഭ ഹരി | ഡോ.കെ.ടി.ജലീൽ<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ മന്ത്രി) |
| (എ) സംസ്ഥാനത്ത് കുടുംബശ്രീയുടെ ശാക്തീകരണത്തിനായി എന്തെല്ലാം നൂതന പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; | (എ) വിവിധ പദ്ധതികളെക്കുറിച്ചും സാമൂഹ്യ പ്രതിബദ്ധതയുള്ള വിഷയങ്ങളെക്കുറിച്ചും അയൽക്കൂട്ടങ്ങളെ ബോധവൽക്കരിക്കുന്നതിന്റെ ഭാഗമായി കുടുംബശ്രീ സ്കൂൾ, മൂന്നു ജില്ലകളിൽ കമ്മ്യൂണിറ്റി റേഡിയോ, അയൽക്കൂട്ടങ്ങളുടെ സാമ്പത്തിക പ്രവർത്തനങ്ങളും അയൽക്കൂട്ട യോഗങ്ങളുടെ വിവരങ്ങളും മോണിറ്ററിംഗ് നടത്തുന്നതിന്റെ ഭാഗമായി അയൽക്കൂട്ട ഓൺലൈൻ മോണിറ്ററിംഗ് സംവിധാനം, വായ്പാ റിക്കവറി നേരിടുന്ന സംരംഭങ്ങളുടെ പുനഃരുദ്ധാരണ പാക്കേജ്, കുടുംബശ്രീ ഉത്പന്നങ്ങൾക്ക് മികച്ച വിപണി കണ്ടെത്തുന്നതിനായി 14 ജില്ലകളിലും കുടുംബശ്രീ ബസാറുകൾ, കുടുംബശ്രീ ഉത്പന്നങ്ങൾ ഉപഭോക്താക്കളിൽ നേരിട്ട് എത്തിക്കുന്നതിനായി സ്വകാര്യ സംരംഭകരുമായി സഹകരിച്ച് ഓൺലൈൻ മാർക്കറ്റിംഗ് സംവിധാനം, കുടുംബശ്രീ സംരംഭങ്ങൾക്ക് മൂലധന സബ്സിഡിക്കു പകരമായി പലിശ സബ്സിഡി, എല്ലാ ജില്ലയിലും കുടുംബശ്രീ ഹോം ഷോപ്പ് വിപണന ശൃംഖല, റെയിൽവേയും കേരള ട്രാൻസ്പോർട്ട് കോർപ്പറേഷനുമായി സഹകരിച്ച് വാഹന പാർക്കിംഗ്, വാഹനങ്ങളുടെ ക്ലീനിംഗ്, ശീതീകരിച്ച വിശ്രമമുറികളുടെ പരിപാലനം, ഭക്ഷണശാലകൾ, ഉത്പന്ന കിയോസ്ക്കുകൾ, ടിക്കറ്റ് റിസർവ്വേഷൻ കൗണ്ടറുകൾ, കയർഫെഡുമായി സഹകരിച്ച് 30 ചകിരി നിർമ്മാണ യൂണിറ്റുകൾ, കൊല്ലം, പുനലൂർ, പിറവം, കൽപ്പറ്റ നഗരസഭകളിൽ അഭയകേന്ദ്രങ്ങളുടെ നിർമ്മാണം, മാതാപിതാക്കൾ നഷ്ടപ്പെട്ട, നോക്കാൻ ആളില്ലാത്ത, മാനസികവൈകല്യം ബാധിച്ചവരുടെ സംരക്ഷണം ലക്ഷ്യമാക്കി ജില്ലാതലത്തിൽ ബഡ്സ് ഹോമുകൾ, വയനാട്, ഇടുക്കി, മലപ്പുറം ജില്ലകളിൽ പി.എസ്.സി കോച്ചിംഗ് സെന്ററുകൾ, കാർഷിക പ്രവർത്തനങ്ങളെ കൂടുതൽ കാര്യക്ഷമമാക്കുന്നതിനു വേണ്ടി 3500 വനിതാ മാസ്റ്റർ ഫാർമേഴ്സിനെയും 600 ജെ.എൽ.ജി ഇവാല്യുവേഷൻ ഏജന്റിനെയും ഫീൽഡ് തലത്തിൽ രൂപീകരിക്കുക, ഡിഡിയുജികെവൈ |

പദ്ധതിയുടെ ഭാഗമായി എല്ലാ ജില്ലകളിലും മൈഗ്രേഷൻ സപ്പോർട്ട് സെന്റർ എന്നീ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

| | | | |
|---|---|---|---|
| (ബി) | കുടുംബശ്രീയ്ക്ക് കീഴിലുള്ള വനിതകളെ പുതിയ തൊഴിൽ/ സംരംഭ മേഖലകളിലേയ്ക്ക് കൊണ്ടുവരുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) | സംസ്ഥാനത്തൊട്ടാകെ ജീവനം 2017 എന്ന ഉപജീവന ക്യാമ്പെയിൻ സംഘടിപ്പിക്കുകയും അതിലൂടെ കൂടുതൽ വനിതകളെ സംരംഭത്തിലേയ്ക്ക് കൊണ്ടു വരുന്നതിനും ലക്ഷ്യമിടുന്നു. തദ്ദേശഭരണ പ്രദേശങ്ങൾക്കനുയോജ്യവും ആവശ്യവുമായ സംരംഭങ്ങൾ രൂപീകരിക്കുന്നതിനും സേവന മേഖലയ്ക്ക് ഊന്നൽ നൽകാനുമാണ് ഉദ്ദേശിക്കുന്നത്. വൈദഗ്ദ്ധ്യ പരിശീലനത്തിൽ നേരിടുന്ന കാലതാമസം ഒഴിവാക്കാനായി ജില്ലാതലത്തിൽ വൈദഗ്ദ്ധ്യ പരിശീലന ഏജൻസികളെ അക്രെഡിറ്റ് ചെയ്യുന്നതിനും തീരുമാനിച്ചിട്ടുണ്ട്. കൂടാതെ നഗരപ്രദേശങ്ങൾക്ക് അനുയോജ്യമായ ഹൗസ് കീപ്പിംഗ്, ലോൺട്രി മാനേജ്മെന്റ്, വെൽനെസ് സെന്ററുകൾ തുടങ്ങി നൂതനമായ സംരംഭങ്ങൾ ആരംഭിക്കുന്നതിനും ലക്ഷ്യമിടുന്നു. |
| (സി) | സാമൂഹ്യനീതി, ആരോഗ്യം, പൊതുവിദ്യാഭ്യാസം എന്നീ വകുപ്പുകളുമായി സഹകരിച്ച് ഭിന്നശേഷിയുള്ളവർക്കും വയോജനങ്ങൾക്കുമായുള്ള അയൽക്കൂട്ടങ്ങൾ രൂപീകരിക്കാൻ കുടുംബശ്രീ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ? | (സി) | ദിശ ക്യാമ്പെയിന്റെ ഭാഗമായി ഭിന്നശേഷിയുള്ളവർക്കും വയോജനങ്ങൾക്കുമുള്ള അയൽക്കൂട്ട രൂപീകരണം നടന്നുകൊണ്ടിരിക്കുകയാണ്. ക്യാമ്പെയിന്റെ ഭാഗമായി 2017 മാർച്ച് 31 വരെ 1774 വയോജന അയൽക്കൂട്ടങ്ങളും 573 ഭിന്നശേഷിയുള്ളവരുടെ അയൽക്കൂട്ടങ്ങളും രൂപീകരിച്ചിട്ടുണ്ട്. സാമൂഹ്യനീതി വകുപ്പ്, ആരോഗ്യവകുപ്പ് എന്നിവയുമായി സഹകരിച്ച്കൊണ്ട് ജൂൺ, ജൂലൈ മാസങ്ങളിൽ ഭിന്നശേഷിക്കാരെ കണ്ടെത്തുന്നതിന് ജില്ലാ തലത്തിൽ മൊബിലൈസേഷൻ നടത്തുന്നതിന് വാർഷിക പദ്ധതി വഴി ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ